## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1084 | | | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **കിഴക്കേകോട്ട ബസ് സ്റ്റാന്റിലെ ശൗചാലയത്തിന്റെ ശോച്യാവസ്ഥ** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.കെ.എം.ഷാജി** | | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്ന് നഗരസഭ അനധികൃതമായി ലേലം ചെയ്തു നൽകിയതായി ആക്ഷേപമുള്ള ശൗചാലയത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നഗരസഭയുടെ അധീനതയിലുള്ള ടി സ്ഥലം വർഷങ്ങളായി നഗരസഭയിൽ നിന്നും ലേലം ചെയ്ത് നൽകിവരുന്നു. ടി ശൗചാലയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബന്ധപ്പെട്ട സോണലാഫീസിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും, ബന്ധപ്പെട്ട കരാറുകാരന് ശൗചാലയം വൃത്തിയായി സൂക്ഷിക്കണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ഇതിന്റെ പരിസരത്ത് കഞ്ചാവ്, മയക്കമരുന്ന് എന്നിവയുടെ വില്പനയും, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വെളിച്ചക്കുറവും വൃത്തിഹീനവും അനാരോഗ്യകരവുമായ സാഹചര്യവും കാരണം പൊതുജനങ്ങൾ അങ്ങോട്ട് തിരിഞ്ഞു നോക്കാത്ത സാഹചര്യം ഉപയോഗപ്പെടുത്തി അധികൃതരുടെ ഒത്താശയോടെയാണ് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന ആക്ഷേപം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ടി സ്ഥലത്തെ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ